പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1341** | **11.08.2017 ൽ മറുപടിയ്ക്ക്**

## ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| എ) | 1994-95 വർഷം ആവിഷ്കരിച്ച ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ മൊത്തം എത്ര രൂപ സർക്കാരിന്റെ കൈവശമുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | എ) | 1994-95 വർഷം ആവിഷ്കരിച്ച ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ കൃഷി ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി അക്കൗണ്ടിൽ നാളിതുവരെ 92,07,88,940/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ജില്ലകളിൽ തുക നിക്ഷേപിച്ചിട്ടില്ല. |
| ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരുന്നു; ഇവർക്കുള്ള ക്ഷേമ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ; | ബി) | ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള ആനുകൂല്യ വിതരണം ആരംഭിച്ചത് ഈ സർക്കാർ അധികാരമേറ്റ ശേഷമാണ്.<br>1. പദ്ധതിയിലെ അംഗങ്ങൾ മറ്റ് തൊഴിൽ കിട്ടി പോവുകയോ സ്വമേധയാ എന്നെങ്കിലും പദ്ധതി വിട്ട് പോവുകയോ ചെയ്താൽ 7,500/- രൂപ ഇപ്പോൾ നൽകുന്നുണ്ട്.<br>2. പദ്ധതിയിൽ അംഗമായിരിക്കെ ശാരീരികമായോ മാനസികമായോ അവശത സംഭവിക്കുകയാണെങ്കിൽ 25,000/- രൂപ ഒറ്റത്തവണ ആനുകൂല്യമായി നൽകിവരുന്നു.<br>3. പദ്ധതിയിലെ അംഗത്തിന് മരണം സംഭവിച്ചാൽ ടിയാന്റെ നോമിനിക്ക് 25,000/- രൂപയും നൽകിവരുന്നു. |

4. കാർഷിക മേഖലയുമായി ബന്ധപ്പെട്ട 60 വയസ്സ് വരെ തൊഴിലെടുക്കുന്ന പദ്ധതി അംഗത്തിന് 60 വയസ്സ് തികയുമ്പോൾ 30,000/- രൂപ ഗ്രാറ്റുവിറ്റിയും പ്രതിമാസം 1,000/- രൂപ പെൻഷനും നൽകിവരുന്നു.

2002 മുതൽ Human Resource Management സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം ഈ പദ്ധതിയിലെ അംഗങ്ങളെ സ്വാശ്രയ ഗ്രൂപ്പുകളാക്കിക്കൊണ്ട് അതിൽ നിന്നും മാസ്റ്റർ കർഷകരെ തിരഞ്ഞെടുത്ത് ബാച്ചുകളാക്കി പരിശീലനം നൽകിയിരുന്നു. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ആർ.കെ.വി.വൈ ധനസഹായത്തോടെ മിനിഡയറി, വാഴകൃഷി യൂണിറ്റുകൾ, കോക്കനട്ട് നെഴ്സറി എന്നീ പദ്ധതികൾ 2014 - ൽ നടപ്പിലാക്കിയിരുന്നു. നിശ്ചിത ഫീസ് ഈടാക്കി മെഷീനിന്റെ മെയിന്റനൻസ് സംഘം തന്നെ ഏറ്റെടുക്കണമെന്ന നിബന്ധനയിൽ 2 കൊയ്ത്ത്മെതി യന്ത്രങ്ങൾ കുട്ടനാട് പാക്കേജിൽ നിന്നും ഒരു ലക്ഷം യുവ കർഷക സമിതി സംഘടനയുടെ പ്രസിഡന്റ് ശ്രീ. ബൈജുവിന്റെ നേതൃത്വത്തിലുള്ള ചേർത്തല താലൂക്കിൽ ലക്ഷം യുവജന സമിതിക്ക് 2015-ൽ നല്കിയിട്ടുണ്ട്.

| | |
|---|---|
| സി) ഇവർക്കായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | സി) ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**